**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 675** **17-09-2025 - ൽ മറുപടിയ്ക്ക്**

**കയർ തൊഴിലാളികളുടെ ക്ഷേമം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ജോയി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കയർ മേഖലയിൽ തൊഴിലെടുക്കുന്നവർ എത്ര പേരാണെന്ന് വിശദമാക്കാമോ; | (എ) | കയർ എക്സ്പെർട്ട് കമ്മിറ്റി നടത്തിയ സെൻസസ് പ്രകാരം നിലവിൽ 20,783 പേർ കയർ മേഖലയിൽ തൊഴിലെടുക്കുന്നുണ്ടെന്നാണ് കണക്ക്. |
| (ബി) | കയർ തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്നും പുതുതായി എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വിശദമാക്കാമോ? | (ബി) | കയർമേഖലയിലെ ഉൽപ്പാദന ചെലവിൽ വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ പരമ്പരാഗത ഇ-റാട്ടിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലി 350/- രൂപയിൽ നിന്ന് 400/- രൂപ ആയി വർധിപ്പിച്ചിട്ടുണ്ട്. കയർ തൊഴിലാളികളുടെ പി.എഫ്, ഇ എസ് ഐ, ഗ്രാറ്റുവിറ്റി, തൊഴിലാളി ക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക തീർക്കുന്നതിനുള്ള പദ്ധതിക്കായി 200 ലക്ഷം വകയിരുത്തുകയും 67.66 ലക്ഷം രൂപ സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ (എ.എസ്.എം), ഡീഫൈബറിംഗ് യൂണിറ്റ് (ഡി.എഫ്) എന്നീ യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന 1000 തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ അപകടം മൂലം സംഭവിക്കുന്ന മരണം, അപകടത്തെ തുടർന്നുള്ള അംഗവൈകല്യം എന്നീ അവസരങ്ങളിൽ 3 ലക്ഷം രൂപ വരെയും ആശുപത്രി ചികിത്സയ്ക്ക് കാഷ്‌ലെസ്സായി 1 ലക്ഷം രൂപ വരെയും നൽകുന്ന ഇൻഷ്വറൻസ് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.കയർമേഖലയിലെ ഉൽപ്പാദന ചെലവിൽ വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ പരമ്പരാഗത ഇ-റാട്ടിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ ദിവസക്കൂലി 350/- രൂപയിൽ നിന്ന് 400/- രൂപ ആയി വർധിപ്പിച്ചിട്ടുണ്ട്. കയർ തൊഴിലാളികളുടെ പി.എഫ്, ഇ എസ് ഐ, ഗ്രാറ്റുവിറ്റി, തൊഴിലാളി ക്ഷേമനിധി വിഹിതം എന്നീ ഇനങ്ങളിൽ ഉണ്ടായിട്ടുള്ള കുടിശ്ശിക തീർക്കുന്നതിനുള്ള പദ്ധതിക്കായി 200 ലക്ഷം വകയിരുത്തുകയും 67.66 ലക്ഷം രൂപ സർക്കാർ നൽകുകയും ചെയ്തിട്ടുണ്ട്. ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ (എ.എസ്.എം), ഡീഫൈബറിംഗ് യൂണിറ്റ് (ഡി.എഫ്) എന്നീ യന്ത്രവൽകൃത കയർ മേഖലയിൽ പ്രവർത്തിക്കുന്ന |

| | | | |
|---|---|---|---|
| | | | 1000 തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ അപകടം മൂലം സംഭവിക്കുന്ന മരണം, അപകടത്തെ തുടർന്നുള്ള അംഗവൈകല്യം എന്നീ അവസരങ്ങളിൽ 3 ലക്ഷം രൂപ വരെയും ആശുപത്രി ചികിത്സയ്ക്ക് കാഷ്ലെസ്സായി 1 ലക്ഷം രൂപ വരെയും നൽകുന്ന ഇൻഷുറൻസ് പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ